# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 774
## 23.07.2012-ൽ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

### റവന്യൂ കുടിശ്ശിക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. ബി. സത്യൻ<br>ശ്രീ. രാജു എബ്രഹാം | | ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ.കെ. എം. മാണി |
| (എ) | റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ എന്തെല്ലാമാണ്; | റവന്യൂ കുടിശ്ശിക കുറച്ചുകൊണ്ടു വരുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കാറുണ്ട്. വാണിജ്യ നികുതി കുടിശ്ശിക കേസുകൾ തീർപ്പാക്കുന്നതിനുവേണ്ടി ആംനെസ്റ്റി സ്കീം 2011 സെപ്റ്റംബർ 30 വരെ നീട്ടിയിരുന്നു. എക്സൈസ് വകുപ്പിൽ ആംനെസ്റ്റി സ്കീം 31-3-12 വരെ പ്രാബല്യത്തിലുണ്ടായിരുന്നു. നികുതി സംബന്ധമായ കോടതി കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>നികുതി സംബന്ധമായ കോടതി കേസുകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടി ആലോചിച്ച് ഹൈക്കോടതിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2012 ജനുവരി മുതൽ മാർച്ച് വരെ ഹൈക്കോടതിയിൽ ഒരു ബഞ്ചിൽ നികുതി സംബന്ധമായ കേസുകൾ മാത്രം ഹിയർ ചെയ്ത് കുറെയധികം കേസുകൾ തീർപ്പാക്കി. |
| (ബി) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ റവന്യൂ കുടിശ്ശിക വിശദമാക്കുമോ; ഇവ ഏതെല്ലാം വിഭാഗങ്ങളിലാണെന്ന് വ്യക്തമാക്കുമോ; | C& AG-യുടെ കണക്ക് പ്രകാരം വാണിജ്യ നികുതിയിനത്തിലെ 31/3/2011-ലെ റവന്യൂ കുടിശ്ശിക 4962 കോടി രൂപയാണ്. വനം വകുപ്പിൽ 185.04 കോടി രൂപയും, ലോക്കൽ ഫണ്ട് ആഡിറ്റിൽ 115.15 കോടി രൂപയും സ്റ്റേഷനറി വകുപ്പിൽ 12.83 കോടി രൂപയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ 1.06 കോടി രൂപയും പോലീസ് വകുപ്പിൽ 82.42 കോടി രൂപയും |

| | | |
|---|---|---|
| | | ആയിരുന്നു. 2009-10-ലെ C& AG-യുടെ കണക്ക് പ്രകാരം മറ്റ് വകുപ്പുകളിലെ കുടിശ്ശിക താഴെകാണും പ്രകാരമാണ്. മൈനിംഗ് ആന്റ് ജിയോളജി: 0.33 കോടി, സ്റ്റേറ്റ് എക്സൈസ്: 189.21 കോടി, ലേബർ: 1.27 കോടി, പ്രിന്റിംഗ്: 28.43 കോടി, മോട്ടോർ വെഹിക്കിൾ: 292.21 കോടി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്: 3753.56 കോടി, രജിസ്ട്രേഷൻ: 0.22 കോടി |
| (സി) | റവന്യൂ കുടിശ്ശിക ഈടാക്കാനുള്ള ഏതെങ്കിലും നടപടിക്ക് സ്റ്റേ നൽകുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾക്ക് സ്റ്റേ നൽകി; | റവന്യൂ കുടിശ്ശിക നടപടികൾ അതത് ട്രൈബ്യൂണലുകളും കോടതികളും സ്റ്റേ ചെയ്യാറുണ്ട്. കൂടാതെ അർഹതയനുസരിച്ച് ഗവൺമെന്റ് തവണകൾ അനുവദിച്ച് നൽകാറുമുണ്ട്. |
| (ഡി) | റവന്യൂ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിലൂടെ റവന്യൂ കമ്മി ഇല്ലാതാകുമോ; | റവന്യൂ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സാദ്ധ്യമായാൽ തന്നാണ്ടിലെ റവന്യൂ കമ്മി ഗണ്യമായി കുറയും. |

സെക്ഷൻ ഓഫീസർ